പോളിടെക്നിക്കുകളിലെ പാഠ്യവിഷയം

*577 (613) [ശ്രീ. എ. വി. താമരാക്ഷൻ:

,, ത്യാഗരാജൻ:

,, ആർ. എസ്. ഉണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ;

(എ) സിറാമിക് വ്യവസായത്തിന്റെ സാങ്കേതികവശം, പോളിടെക്നിക് പോലെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്ന് ഒരു നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. എസ്. ത്യാഗരാജൻ: നമ്മുടെ രാജ്യത്ത് വളരെക്കൂടുതൽ കളിമണ്ണിന്റെ നിക്ഷേപം ഉണ്ടെന്നുള്ളതുപരിഗണിച്ച്, ആ ചൈനാക്ലേ ഉപയോഗിച്ച് സിറാമിക് വ്യവസായത്തിന്റെ ഒരു ശൃംഖലതന്നെ കെട്ടിപ്പടുക്കാൻ കഴിയുമെന്നുള്ളതു പരിഗണിച്ച്, ഈ രംഗത്ത് സാങ്കേതിക പരിജ്ഞാനമുള്ളവരുടെ അപര്യാപ്തത ഉണ്ടെന്നുള്ളതു പരിഗണിച്ച് നമ്മുടെ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതൊരു പാഠ്യ വിഷയമാക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സിറാമിക് ഒരു വിഷയമാക്കാൻ വേണ്ടി സതേൺ റീജിയണൽ കമ്മിറ്റിയുടെ 45-ാം മീറ്റിംഗിൽ ഒരു പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് അതിനു സാംഗ്ഷൻ കൊടുക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതിനു പുറമേ Post Diploma Course in Ceramics, Functional Industrial Estate for Ceramics ഇവ ഏർപ്പെടുത്താൻ ആലോചനയുണ്ട്. ഈ രണ്ടു കാര്യങ്ങളും കൊണ്ട് അദ്ദേഹം പറഞ്ഞ എല്ലാ സംഗതികളും നേടാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ നിർദ്ദേശം അടുത്ത അദ്ധ്യയന വർഷം മുതൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അടുത്ത അദ്ധ്യയന വർഷംമുതൽ ആരംഭിക്കാനാണ് ആലോചിക്കുന്നത്. അതിനിടയിൽ എന്തെങ്കിലും തടസ്സം വരുമോ എന്നറിഞ്ഞുകൂടാ.

ശ്രീ. ഇ. പി. ഗോപാലൻ: സാധാരണക്കാരായ ആളുകൾക്ക് പഠിക്കുന്നതിനും അതു പ്രചരിപ്പിക്കുന്നതിനും ഡിഗ്രി കോഴ്സ് ആവശ്യമാണെങ്കിലും ഡിപ്ലോമയല്ല കൂടുതൽ ആവശ്യമായിട്ടുള്ളത്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരത്തെ പറഞ്ഞ കോഴ്സുകൾകൊണ്ടു ശരിയാകുമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. എങ്കിലും പോളിടെക്നിക്കിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വാമദേവൻ: സാങ്കേതിക വിദ്യാലയങ്ങളിൽ കാലത്തിനനുസൃതമായ കോഴ്സുകൾ ഏർപ്പെടുത്തുന്ന കാര്യം ആരാണ് പരിഗണിക്കുന്നത്. ഏതെങ്കിലും ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ബോഡി ഉപദേശം നൽകാൻ നിലവിലുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംസ്ഥാന റീജിയണൽ കമ്മിറ്റി എന്നുപറയുന്ന ഒരു കമ്മിറ്റി സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഉണ്ട്. അവരാണ് ഇതു പരിഗണിക്കുന്നത്. അവർ അംഗീകരിച്ചുകഴിഞ്ഞതിനുശേഷമാണ് ഗവൺമെന്റ് പരിഗണിക്കുന്നത്.

(614-ാം നമ്പർ ചോദ്യം ചോദിച്ചില്ല.)

സംസ്കൃതാദ്ധ്യാപകരുടെ പ്രശ്നങ്ങൾ

*578 [615] ശ്രീ. പി. പി. എസ്തോസ്:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്കൃത സേവാസംഘത്തിൽനിന്നും സംസ്കൃതാദ്ധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് വല്ല നിവേദനവും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടികൾ സ്വീകരിച്ചു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) :

(എ) ഉണ്ട്.

(ബി) പരിശോധിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. പി. പി. എസ്തോസ്: ഇവരുടെ നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ട് വളരെ നാളായി. അതു പരിഗണിക്കുന്നതിന് അടിയന്തിരമായ നടപടിസ്വീകരിക്കണമെന്നും മറ്റും ഇതിനിടയ്ക്ക് പത്രത്തിൽ പ്രസ്താവനകളുമൊക്കെ വന്നിരുന്നു. ഈ നടപടി എന്നത്തേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കാമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നിവേദനത്തിലുള്ള ആവശ്യങ്ങൾ പലതാണ്. അത് ഓരോന്നോരോന്നായി പരിശോധിച്ചുകൊണ്ടിരിക്കയാണ്. ചിലതിനെ സംബന്ധിച്ചു തീരുമാനമെടുത്തിട്ടുണ്ട്. ചിലത് നേരത്തേതന്നെ നടപ്പിലുള്ള സംഗതികളാണ്. പതിനൊന്നാവശ്യങ്ങളുണ്ട്. എല്ലാം കൂടി എപ്പോൾ പരിഗണിച്ചുതീരുമെന്നു പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. പി. എസ്തോസ്: അതിൽ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തൊക്കെയാണ്. അതിൻമേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എല്ലാംകൂടി 11 ആവശ്യങ്ങളുണ്ട്. അതുവേണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. ഇ. പി. ഗോപാലൻ: കേരളത്തിൽ ഒരു സംസ്കൃത യൂണിവേഴ്സിറ്റി ആരംഭിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ സ്ഥിതി എന്താണ്; അക്കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly